# മക്കളോട് വിവേചനം കാണിക്കുന്നത് അനീതിയാണ്

عَنِ النُّعمَانِ بْنِ بَشِيرٍ رَضِيَ اللَّهُ عَنْهُما قَالَ: أَعْطَانِى أَبِي عَطِيَّةً، فَقَالَتْ عَمْرَةُ بِنْتُ رَوَاحَةَ: لاَ أَرْضَى حَتَّى تُشْهِدَ رَسُولَ اللَّهِ ﷺ فَأَتَى رَسُولَ اللَّهِ ﷺ فَقَالَ: إِنِّى أَعْطَيْتُ ابْنِي مِنْ عَمْرَةَ بِنْتِ رَوَاحَةَ عَطِيَّةً، فَأَمَرَتْنِى أَنْ أُشْهِدَكَ يارَسُولَ اللَّهِ،قَالَ: أَعْطَيْتَ سَائِرَ وَلَدِكَ مِثْلَ هَذَا؟ قَالَ: لا، قال رَسُولُ اللَّهِ 'فَاتَّقُوا اللَّهَ وَاعدِلُوا بَيْنَ أَوْلاَدِكُمْ. قَالَ: فَرَجَعَ فَرَدَّ عَطِيَّتَهُ (متّفق عليه)

നുഅ്മാനുബ്നു ബശീറിൽനിന്ന്: എന്റെ പിതാവ് എനിക്ക് ഒരു ദാനം തന്നു. ഇതു കണ്ട എന്റെ മാതാവ് അംറ ബിൻതു റവാഹ പറഞ്ഞു: “ഈ ദാനത്തിന് അല്ലാഹുവിന്റെ ദൂതരെ സാക്ഷിയാക്കുന്നതുവരെ ഞാൻ തൃപ്തിപ്പെടുകയില്ല.” അങ്ങനെ അദ്ദേഹം നബിയെ സമീപിച്ച് ഇങ്ങനെ ബോധിപ്പിച്ചു: “അംറ ബിൻതു റവാഹയിൽ എനിക്ക് ജനിച്ച മകന് ഞാൻ ഒരു പാരിതോഷികം നൽകി. ദൈവദൂതരേ, ഇതിന് ഞാൻ താങ്കളെ സാക്ഷിയാക്കണമെന്ന് അവൾ ആവശ്യപ്പെടുന്നു.” പ്രവാചകൻ ചോദിച്ചു: “നിന്റെ മറ്റു മക്കൾക്കും ഇതേപോലെ നൽകിയോ?” പിതാവ് പറഞ്ഞു: “ഇല്ല.” നബി(സ) പറഞ്ഞു: “നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. നിങ്ങൾ നിങ്ങളുടെ മക്കൾക്കിടയിൽ നീതി പാലിക്കുക.” പിതാവ് തിരിച്ചുവന്ന്, പാരിതോഷികം തിരികെ വാങ്ങി (ബുഖാരി, മുസ്ലിം).

നീതി ഇസ്‌ലാമിന്റെ അടിസ്ഥാന ഭാവമാണ്. വ്യക്തിയിലും കുടുംബത്തിലും സമൂഹത്തിലും നീതി സ്ഥാപിക്കുകയാണ് ഇസ്‌ലാമിന്റെ ലക്ഷ്യം. വിവേചനമാണ് അനീതിയുടെ പ്രത്യക്ഷ രൂപം. സമൂഹത്തിന്റെ പ്രഥമ ഘടകമായ കുടുംബത്തിനകത്ത് വിവേചനമൊഴിവാക്കി നീതി നടപ്പാക്കുന്നതിനെക്കുറിച്ച ജാഗ്രതാ പാഠമാണ് ഈ പ്രവാചക വചനം പങ്കുവെക്കുന്നത്. ഒന്നിലേറെ മക്കളുണ്ടാവുമ്പോൾ അവരിൽ ചിലരോട് പല കാരണങ്ങളാൽ പ്രത്യേക വാത്സല്യമുണ്ടാവുക സ്വാഭാവികമാണ്. ആ ഇഷ്ടക്കൂടുതൽ പക്ഷേ, മറ്റ് മക്കളോട് അനീതി ചെയ്യുംവിധം പ്രത്യേക സാമ്പത്തിക പരിഗണന നൽകുന്നതിലേക്ക് വഴിതെറ്റാൻ പാടില്ല. അത് മക്കൾക്കിടയിൽ അസൂയയും പകയും സൃഷ്ടിക്കും. മാതാപിതാക്കളോട് വിദ്വേഷവും അതുൽപ്പാദിപ്പിക്കും. വല്ലതും നൽകുന്നുവെങ്കിൽ ഒരേ മാനദണ്ഡത്തിൽ എല്ലാവർക്കും കൊടുക്കുകയാണ് വേണ്ടത്.

ഈ ഹദീസിന്റെ വെളിച്ചത്തിൽ മക്കൾക്കിടയിൽ അസമത്വം കാണിക്കൽ മക്റൂഹ് (വെറുക്കപ്പെട്ടത്) ആണെന്ന് പറഞ്ഞ ചില പണ്ഡിതന്മാരെ ഇമാം ശൗകാനിയും ഇമാം അഹ്മദും തിരുത്തുന്നുണ്ട്. രണ്ട് ഇമാമുമാരുടെയും അഭിപ്രായത്തിൽ വിഷയം മക്റൂഹിനേക്കാൾ ഗൗരവമുള്ളതാണ്. മക്കൾക്കിടയിൽ സമത്വം പുലർത്തൽ വാജിബ് (നിർബന്ധം) ആണെന്നാണ് അവർ രേഖപ്പെടുത്തുന്നത്. 'അനന്തരവകാശിക്ക് വസിയ്യത്തില്ല' എന്ന് നിർണയിക്കുകവഴി മാതാപിതാക്കൾ മക്കളിൽ ചിലർക്ക് മാത്രമായി അധികം സമ്പത്ത് നൽകാനുള്ള സാധ്യതയുടെ പഴുതടക്കുകയാണ് ഇസ്‌ലാം ചെയ്തത്. മക്കൾക്ക് തങ്ങളിഷ്ടപ്പെടുംവിധം സമ്പത്ത് വിഭജിച്ച് നൽകാൻ മാതാപിതാക്കൾക്ക് അവകാശമില്ലെന്നർഥം. അതിന്റെ തോതും അവകാശവും അനന്തരാവകാശ നിയമത്തിലൂടെ ഇസ്‌ലാം കൃത്യമായി നിർണയിച്ചിട്ടുണ്ട്. അതുവഴി കുടുംബത്തിനകത്ത് രൂപപ്പെട്ടാവുന്ന സകല സംഘർഷങ്ങളും ഒഴിവാക്കാൻ ഈ നിർണിത നിയമം മുഖേന ഇസ്‌ലാമിന് സാധിച്ചു. അനന്തരാവകാശം മരണശേഷമുള്ള സാമ്പത്തിക ഓഹരിവെപ്പാണ്. അതിൽ പുലർത്തുന്ന അതേ നീതി ജീവിത കാലത്തും തങ്ങളുടെ സ്വത്ത് നൽകുന്നതിൽ മാതാപിതാക്കൾ പുലർത്തണമെന്നാണ് ഈ പ്രവാചകവചനം പഠിപ്പിക്കുന്നത്.

'ദാനം തിരികെ വാങ്ങുന്നവൻ, താൻ തന്നെ ഛർദിച്ചത് തിന്നുന്ന നായയെ പോലെയാണ്' എന്ന് പ്രവാചക വചനമുണ്ട്. എന്നാൽ വല്ലവരും അനീതി വരത്തക്കവിധം വിവേചനത്തോടെ മക്കളിൽ ചിലർക്ക് പ്രത്യേകമായി വല്ലതും നൽകിയിട്ടുണ്ടെങ്കിൽ അവ തിരിച്ച് വാങ്ങുന്നതിന് പ്രസ്തുത ഹദീസ് തടസ്സമല്ലെന്ന് നുഅ്മാനുബ്നു ബശീറിൽനിന്നുള്ള പ്രവാചക വചനം വിശദീകരിക്കെ ഹദീസ് പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്. നൽകിയ പാരിതോഷികം തിരിച്ചുവാങ്ങാൻ സാധ്യമല്ലെങ്കിൽ മറ്റു മക്കൾക്കും അതേപോലെ നൽകിക്കൊണ്ട് അനീതി പരിഹരിക്കാം. മക്കൾക്കിടയിൽ ബോധപൂർവമല്ലാതെ അനീതി കടന്നുവരാനുള്ള സാധ്യതകൾ വരെ ഈ ഹദീസിന്റെ വെളിച്ചത്തിൽ പണ്ഡിതന്മാർ ചർച്ച ചെയ്തിട്ടുണ്ട്. ഒരാൾക്ക് ഒരു കച്ചവട സ്ഥാപനമോ കമ്പനിയോ ഉണ്ട്. മക്കളിൽ ചിലർ പിതാവിന്റെ കൂടെ കമ്പനി നടത്തിപ്പിൽ പങ്കാളിയാവുന്നു. മറ്റ് മക്കൾ സ്വതന്ത്രമായ ജോലിയോ ഉദ്യോഗമോ ഉള്ളവരാണ്. അത്തരം സന്ദർഭങ്ങളിൽ കമ്പനി നടത്തിപ്പിൽ പങ്കാളിയാവുന്ന മക്കൾക്ക് അവിടെനിന്ന് ആവശ്യമുള്ളത്ര പണം എടുക്കാൻ സ്വാതന്ത്ര്യം നൽകുകയല്ല വേണ്ടത്. അത് മറ്റ് മക്കളോട് ചെയ്യുന്ന അനീതിയാണ്. മറിച്ച്, അവർക്ക് കൃത്യമായ ശമ്പളം നിർണയിക്കുകയോ കമ്പനിയിൽ ഷെയർ നിർണയിക്കുകയോ ആണ് പിതാവ് ചെയ്യേണ്ടത്. വളരെ ലാഘവത്തോടെ കാണുന്ന ഇത്തരം വിഷയങ്ങളാണ് പിന്നീട് കുടുംബത്തിനകത്തും പുറത്തും സംഘർഷങ്ങൾക്ക് വിത്തിടുന്നത്. അത്തരം എല്ലാ സാധ്യതകളെയും അടച്ചുകളയാനാണ് ഈ ഹദീസിലൂടെ പ്രവാചകൻ ആവശ്യപ്പെടുന്നത്.

പ്രകൃതിപരമായ വൈവിധ്യങ്ങളെ പരിഗണിച്ച് നൽകുന്ന പ്രത്യേക സഹായങ്ങൾ ഈ വിഷയത്തിന്റെ പരിധിയിൽ വരില്ലെന്ന് പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്. വലിയ മകന് ചെറിയ കുട്ടിയേക്കാൾ വസ്ത്രത്തിനും ഭക്ഷണത്തിനും അധിക സംഖ്യ ചെലവഴിക്കുക, പെൺകുട്ടിയാണെങ്കിൽ ആഭരണവും ആൺകുട്ടിയാണെങ്കിൽ വാഹനവും നൽകുക, പ്രത്യേക സാഹചര്യങ്ങളിൽ മക്കളിലാരുടെയെങ്കിലും പരിചരണത്തിനും ചികിത്സക്കും ചെലവഴിക്കുന്ന സംഖ്യ തുടങ്ങിയവ ഉദാഹരണം. ഒരേ ജീവിത ചുറ്റുപാടുള്ളവരിൽ ചിലരെ മാത്രം പ്രത്യേകം പരിഗണിക്കുന്നതാണ് ഈ പ്രവാചക വചനം പ്രശ്നവൽക്കരിക്കുന്നതും ഗൗരവമായി കാണുന്നതും. അത്തരം സന്ദർഭത്തിൽ എല്ലാവർക്കും ഒരുപോലെ നൽകാൻ സാധിക്കുന്നത് മാത്രം നൽകുകയാണ് വേണ്ടത്. ■